# <u>പതിമൂന്നാം കേരള നിയമസഭ</u>
## <u>പത്താം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 2834

27.01.2014 ൽ മറുപടിക്ക്

### <u>ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ഡോ. കെ.ടി.ജലീൽ** | **ശ്രീ. എ.പി.അനിൽകുമാർ (ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) ടൂറിസം കോ-ഓപ്പറേറ്റീവ് സൊസൈറ്റികളെ ടൂറിസം വികസനത്തിന്റെ ഭാഗമാക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | എ) നടപ്പിലാക്കിയിട്ടില്ല |
| ബി) ടൂറിസം മേഖലയിലെ ഇടത്തട്ടുകാരുടെ ചൂഷണം തടയുന്നതിനും തദ്ദേശീയർക്ക് ടൂറിസം വികസനത്തിൽ പങ്കാളികളാകുന്നതിനും സൊസൈറ്റികളുടെ ഇടപെടൽ ഗുണകരമാകുമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ ; | ബി) യും സി) യും ടൂറിസം മേഖലയിൽ നിലവിലുള്ള ടൂറിസം ട്രേഡിന് ബദലായി നിലകൊള്ളാൻ പ്രവർത്തനശേഷിയിലും എണ്ണത്തിലും കരുത്തുള്ള സൊസൈറ്റികൾ വിനോദസഞ്ചാര കേന്ദ്രങ്ങളിലോ ജില്ലാ കേന്ദ്രങ്ങളിലോ രൂപംകൊണ്ടിട്ടില്ല. തദ്ദേശീയർക്ക് ടൂറിസം വികസനത്തിൽ പങ്കാളിയാകുവാൻ 'ഉത്തരവാദിത്ത ടൂറിസം പദ്ധതി' തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ (കോവളം, കുമരകം, തേക്കടി, വൈത്തിരി, കുമ്പളങ്ങി, അമ്പലവയൽ, ബേക്കൽ എന്നിവിടങ്ങളിൽ) നടപ്പിലാക്കി വരുന്നു. |
| സി) ടൂറിസം മേഖലയിൽ സൊസൈറ്റികളെ ഉൾപ്പെടുത്തി അതതു പ്രദേശത്തിന്റെ സാംസ്കാരിക തനിമ നിലനിർത്തിയും തനതായ വികസനം ലക്ഷ്യമാക്കിയും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുമോ ? | |

**സെക്ഷൻ ഓഫീസർ**